**പതിനാലാംകേരള നിയമസഭ**

പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6267** **20-11-2019 ൽ മറുപടി**

**<u>പ്രളയം മൂലം ജലവിഭവ വകുപ്പിനുണ്ടായ നഷ്ടം</u>**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എൻ. ഷംസുദ്ദീൻ** | | **ശ്രീ.കെ.കൃഷ്ണൻ കുട്ടി**<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | 2018, 2019 എന്നീ വർഷങ്ങളിലുണ്ടായ പ്രളയം മൂലം ജലവിഭവ വകുപ്പിനുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | 2018 വർഷത്തിലുണ്ടായ അപ്രതീക്ഷിത പ്രളയം മൂലം ഭൂജലവകുപ്പിന് ഉണ്ടായിട്ടുള്ള നഷ്ടത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു. |

| ക്രമ നമ്പർ | ജില്ല | പ്രവർത്തി | | | രൂപ |
|---|---|---|---|---|---|
| | | ചെറുകിട കുടിവെള്ള പദ്ധതി പുനരുദ്ധാരണം | കുഴൽക്കിണർ വൃത്തിയാക്കൽ | കുഴൽക്കിണർ കൈപമ്പ് അറ്റകുറ്റപ്പണികൾ | |
| 1 | പത്തനംതിട്ട | 6 | 63 | 9 | 607123 |
| 2 | ആലപ്പുഴ | 31 | 6 | | 1154260 |
| 3 | ഇടുക്കി | | 2 | 1 | 25673 |
| 4 | കോട്ടയം | 7 | | | 317530 |
| 5 | എറണാകുളം | 1 | | 1 | 11064 |
| 6 | തൃശ്ശൂർ | 66 | 2 | | 3564039 |
| 7 | പാലക്കാട് | 77 | 2 | | 2682729 |
| 8 | മലപ്പുറം | | 4 | 2 | 60993 |
| 9 | കോഴിക്കോട് | | 2 | 1 | 15559 |
| 10 | കണ്ണൂർ | | 2 | | 11030 |
| | ആകെ | 188 | 83 | 14 | 8450000 |

2019 – വർഷത്തിലുണ്ടായ പ്രളയം മൂലം ഭൂജലവകുപ്പ് നടപ്പിലാക്കിയ പദ്ധതികൾക്ക് നഷ്ടം സംഭവിച്ചിട്ടില്ല.

2018,2019 എന്നീ വർഷങ്ങളിലുണ്ടായ പ്രളയം മൂലം ജലസേചന വകുപ്പിന് ആകെ യഥാക്രമം 1068 കോടി രൂപയുടേയും 575.32 കോടി രൂപയുടേയും നാശനഷ്ടങ്ങൾ ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. ഇവയിൽ ജലസേചന പ്രവൃത്തികൾക്കായി നിർമ്മിച്ചിരുന്ന ജലസംഭരണികളുടെ ഷട്ടറുകൾ, കനാലുകൾ, ചെക്ക് ഡാം, വി.സി.ബി, എൽ.ഐ സ്കീം എന്നിവയ്ക്കും ബണ്ടുകൾ, സംരക്ഷണ ഭിത്തികൾ, കടലാക്രമണ പ്രതിരോധ നിർമ്മിതികൾ എന്നിവയുടെ നാശനഷ്ടങ്ങളും ഉൾപ്പെടുന്നു.

ജലസേചനവകുപ്പിന്റെ പദ്ധതി വിഭാഗം 2 ന്റെ കീഴിലുളള വിവിധ ജലസേചന പദ്ധതികളിൽ 2018 ൽ 9607.49 ലക്ഷം രൂപയുടെയും 2019-ൽ രൂപ 1795.91 ലക്ഷത്തിന്റെയും നാശനഷ്ടങ്ങളുണ്ടായി.

| ക്രമ നം. | പദ്ധതി | 2018(രൂപ ലക്ഷം) | 2019 (രൂപ ലക്ഷം) |
|---|---|---|---|
| 1 | നെയ്യാർ | 294.2 | 20 |
| 2 | കല്ലട | 226.7 | 344.05 |
| 3 | പമ്പ | 2400 | --- |
| 4 | മൂവാറ്റുപുഴവാലി | 427.5 | 608 |
| 5 | പെരിയാർവാലി | 771 | 523.5 |
| 6 | ഇടമലയാർ | 121.2 | 0.11 |
| 7 | ചാലക്കുടി റിവർ ഡൈവേർഷൻ സ്കീം | 1029.09 | 36.5 |
| 8 | ചിമ്മിനി | 173 | --- |
| 9 | വാഴാനി | 181 | 161.75 |
| 10 | ചീരക്കുഴി | 1435 | 100 |
| 11 | കോൾ നിലങ്ങൾ | 2548.8 | 2 |
| | ആകെ | 9607.49 | 1795.91 |

കോൾ നിലങ്ങളിലെ ഏനാമാക്കൽ, ഇടിയഞ്ചിറ, ഇല്ലിക്കൽ, മാഞ്ഞാംകുഴി, തൃക്കൂർ,കുത്തുമാക്കൽ, കൊറ്റംകോട് വളവ് എന്നീ റഗുലേറ്ററുകൾക്കും ചീരക്കുഴി റഗുലേറ്ററിനും സാരമായ കേടുപാടുകൾ സംഭവിച്ചു. പ്രളയം സാരമായി ബാധിച്ച മറ്റ് പദ്ധതികൾ ചാലക്കുടി, പമ്പ എന്നിവയാണ്. ചിമ്മിനി ഡാമിന്റെ സ്റ്റില്ലിംഗ് ബേസിന് താഴ്ഭാഗത്തുളള ഏപ്രൺ പൂർണ്ണമായി തകർന്നു. വാഴാനി പദ്ധതിയുടെ ജലവിതരണ കനാലുകൾക്ക് കാര്യമായ കേടുപാടുകൾ സംഭവിച്ചു. മിക്ക പദ്ധതികളുടെയും ജലവിതരണ/സംഭരണ സംവിധാനങ്ങൾക്ക് സാരമായ കേടുപാടുകൾ സംഭവിച്ചു.

2018 ലെ പ്രളയത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ 483 ശുദ്ധജലപദ്ധതികൾക്ക് നാശനഷ്ടമുണ്ടായി. 20000 ത്തോളം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നശിച്ചു

| | | | |
|---|---|---|---|
| | | | ശുദ്ധീകരണശാലകളുടെ പ്രവർത്തനം തകരാറിലായത് കാരണം പ്രതിദിനം 1396 ദശലക്ഷം ലിറ്റർ ശുദ്ധജല ഉത്പാദനം തടസപ്പെട്ടു. കൊച്ചി, തൃശ്ശൂർ കോർപ്പറേഷനുകളിൽ കുടിവെള്ളമെത്തിക്കുന്ന പദ്ധതികളുടെ പ്രവർത്തനം നിലച്ചത് അതീവഗുരുതര സ്ഥിതിയുണ്ടാക്കി. ഇതിനുപുറമെ 39 മുനിസിപ്പാലിറ്റികളും 346 പഞ്ചായത്തുകളും ബാധിക്കപ്പെട്ടിട്ടുണ്ട്. മേൽ വിവരിച്ച നാശനഷ്ടങ്ങൾ നികത്തി ജലവിതരണം പൂർവ്വസ്ഥിതിയിൽ എത്തിക്കാൻ മറ്റ് അനുബന്ധപ്രവർത്തനങ്ങൾക്കായി സംസ്ഥാന ദുരന്ത പ്രതികരണനിധി, സംസ്ഥാന പ്ലാൻ ഫണ്ട് എന്നിവയിൽ നിന്നായി 1640 വിവിധ പ്രവർത്തികൾക്കായി 77.88 കോടി രൂപയുടെ അനുമതി നൽകുകയുണ്ടായി. 2019 വർഷത്തെ മഴക്കെടുതിയിൽ വൈദ്യുത തകരാർ ഉണ്ടായതു കാരണം പല കുടിവെള്ള സ്കീമുകളും പ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞില്ല. കൂടാതെ പമ്പിങ് സ്റ്റേഷനുകളിലേക്കുള്ള പ്രവേശനം വെള്ളക്കെട്ട് കാരണം തടസ്സപ്പെട്ടതിനാൽ പമ്പ് ഹൗസുകൾ പ്രവർത്തിപ്പിക്കാൻ കഴിഞ്ഞില്ല. അമിതമായ കലക്കൽ കാരണം ജലശുദ്ധീകരണ ശാലകളുടെ പ്രവർത്തനം നിർത്തിവയ്ക്കേണ്ടിവന്നു. ചില ജല വിതരണ പൈപ്പുകൾക്ക് സ്ഥാന ചലനം സംഭവിച്ചത് കാരണം കുടിവെള്ള വിതരണം തടസ്സപ്പെട്ടു. 236 സ്കീമുകൾ ആകെ നിർത്തിവയ്ക്കേണ്ടിവന്നു. 745 ജല ശുദ്ധീകരണവുമായി ബന്ധപ്പെട്ട ഘടകങ്ങൾക്ക് തകരാർ സംഭവിച്ചു. കേരള ജല അതോറിറ്റിക്ക് 23 കോടി യുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്.<br><br>2018 ലെ പ്രളയം മൂലം ജലനിധി ഒന്നാംഘട്ട പദ്ധതിയിൽ 153 സ്കീമുകളിലുമായി 9.93 കോടി രൂപയുടെയും ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ 365 സ്കീമുകളിലായി 8.52 കോടി രൂപയുടെയും നാഷനഷ്ടവും ഉണ്ടായിട്ടുണ്ട്. മേൽ പ്രവർത്തികൾക്കായി ആകെ 10.18 കോടി രൂപ SDRF- ൽ നിന്നും ലഭിച്ചിട്ടുണ്ട്. കൂടാതെ 2019 ലെ പ്രളയം മൂലം ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ 100 |

| | | | |
|---|---|---|---|
| | | | സ്കീമുകളിലായി 1.32 കോടി രൂപയുടെ നാശനഷ്ടവും ഉണ്ടായിട്ടുണ്ട്. കേടുപാടുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.<br><br>2018-19 എന്നീ വർഷങ്ങളിലുണ്ടായ പ്രളയം മൂലം കുട്ടനാട് പാക്കേജ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിന്റെ പരിധിയിൽ വരുന്ന ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിലെ വെളിയനാട്, ചമ്പക്കുളം എന്നി ബ്ലോക്കുകളിൽപ്പെടുന്ന പാടശേഖരങ്ങളുടെ പുറംബണ്ടിൽ (ആകെ 1175.16 കി.മീ) നാശനഷ്ടം സംഭവിക്കുകയും ആലപ്പുഴ, കോട്ടയം ജില്ലകളിലുള്ള ഒട്ടുമിക്ക തോടുകളിലും നീർച്ചാലുകളിലും മണ്ണും മാലിന്യങ്ങളും വന്നടിഞ്ഞ് കൂടുകയും ഇവയുടെ ആഴം കുറഞ്ഞ് നീരൊഴുക്കിന് തടസ്സമാകുകയും, സംരക്ഷണ ഭിത്തികൾക്ക് കേടുപാടുകൾ സംഭവിക്കുകയും, ജനങ്ങളുടെ വസ്തുവകകൾക്ക് നാശനഷ്ടം സംഭവിക്കുകയും ചെയ്തിട്ടുള്ളതാണ്. ഇവയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ഏകദേശം 44.62 കോടി രൂപയാണ് ആവശ്യമായിട്ടുള്ളത്.<br>എസ്.ഡി.ആർ.എഫ് പദ്ധതിയിൽ 24.3 കോടി രൂപയുടെ പുനരുദ്ധാരണ പ്രവർത്തനം നടപ്പിലാക്കി വരുന്നു |
| (ബി) | പ്രളയം മൂലം സംസ്ഥാനത്തെ നദികളും കുടിവെള്ള സ്രോതസ്സുകളും മലിനപ്പെട്ടത് മൂലമുണ്ടായ പ്രതിസന്ധികൾ മറികടക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ? | (ബി) | പ്രളയം മൂലം മലിനപ്പെട്ട കുടിവെള്ള സ്രോതസ്സുകളിൽ നിന്നും പരിശോധനയ്ക്കായി ലഭ്യമായ 1399 സാമ്പിളുകൾ ഭൂജലവകുപ്പ് സ്ഥാപിച്ചിട്ടുള്ള അനലറ്റിക്കൽ ലബോറട്ടറികളിൽ ജലഗുണനിലവാരം പരിശോധിച്ച് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്.<br><br>പ്രളയം മൂലം വാട്ടർ അതോറിറ്റിയുടെ സ്രോതസ്സുകളിൽ വ്യാപകമായി മണ്ണും എക്കലും പാഴ് വസ്തുക്കളും വന്നടിഞ്ഞു. ഇവ ഇൻടേക്ക് പോയിന്റുകളിലെയും ഇൻഫിൽട്രേഷൻ ഗ്യാലറികളുടെയും പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചു പ്രളയജലം പമ്പ് ഹൗസുകളിലെ കിണറുകളിലും വ്യാപകമായി മണ്ണും, ചെളിയും, എക്കലും നിക്ഷേപിക്കപെട്ടു |

| | | | |
|---|---|---|---|
| | | | ഇവയുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിലുള്ള പുനരുദ്ധാരണ പ്രവർത്തികൾ നടപ്പിലാക്കി സ്രോതസ്സായ കിണറിലേക്കുള്ള ജല വിതരണം സുഗമമാക്കുന്നതിന് മണ്ണും എക്കലും മാലിന്യങ്ങളും നീക്കി പമ്പിങ് സാധ്യമാക്കി കിണറുകളിലെ മലിനജലം പമ്പ് ചെയ്ത് മാറ്റുകയും, ഇവയിൽ വന്നടിയുന്ന മണ്ണും എക്കലും നീക്കം ചെയ്ത് കഴുകി വൃത്തിയാക്കി, സൂപ്പർക്ലോറിനേഷൻ നടത്തി ജലവിതരണം പുനരാരംഭിച്ചു<br><br>പ്രളയ ബാധിത പ്രദേശത്ത് കുടിവെള്ള സ്രോതസ്സുകളിലെ ജലം പരിശോധിക്കുകയും പരിഹാര മാർഗങ്ങൾ നിർദേശിച്ചുകൊണ്ടുള്ള ലഘുലേഖകൾ ജലനിധി വിതരണം ചെയ്തിട്ടുണ്ട്. പ്രളയം മൂലം ചില ജലനിധി പദ്ധതിയുടെ സ്രോതസ്സുകൾ മലിനമായിട്ടുണ്ട്. ഇത്തരം സ്രോതസ്സുകൾ യഥാസമയം വൃത്തിയാക്കി അണുവിമുക്തമാക്കി പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കുട്ടനാട് പാക്കേജിൽ എസ്.ഡി.ആർ.എഫ് - ലും ബഡ്ജറ്റ് പ്രവൃത്തിയിലും ഉൾപ്പെടുത്തി കനാലുകളിലും തോടുകളിലും അടിഞ്ഞുകൂടിയ ചെളികൾ നീക്കം ചെയ്യുന്ന പ്രവൃത്തികൾ ചെയ്തുവരുന്നു.<br><br>പ്രളയംമൂലം സംസ്ഥാനത്തെ നദികളും കുടിവെള്ള സ്രോതസ്സുകളും ചെളിയും, മണലും മറ്റു അവശിഷ്ടങ്ങളും അടിഞ്ഞ് മലിനീകരണപ്പെട്ടിട്ടുണ്ട് ജലസേചന നിർമ്മിതികളായ റഗുലേറ്റർ, വി.സി.ബി മുതലായവയുടെ സമീപത്ത് അടിഞ്ഞു കൂടിയിട്ടുള്ള മേൽപ്പറഞ്ഞ ചെളിയും, മണലും മറ്റു അവശിഷ്ടങ്ങളും നീക്കം ചെയ്യാനുള്ള നിർദ്ദേശം ഫീൽഡ് ആഫീസർമാർക്ക് നൽകിയിട്ടുണ്ട്. ഇതു കൂടാതെ പ്രളയം മൂലം നദികളിൽ അടിഞ്ഞുകൂടിയ മണലും, ചെളിയും മറ്റു വസ്തുക്കളും നീക്കം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഉന്നതാധികാര സമിതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**